**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3114** **13-07-2022 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം ടൂറിസം മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനും ടൂറിസം വിപുലീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (എ) | കോവിഡ് കേരളത്തിലെ ടൂറിസം മേഖലയെ സാരമായി ബാധിക്കുകയുണ്ടായി. കോവിഡ് കാരണം ഉണ്ടായ തൊഴിൽ നഷ്ടത്തിന്റെ ആഘാതം പരിഹരിക്കുവാൻ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന ബിസ്സിനസ്സ് യൂണിറ്റുകളുടെ അതിജീവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ടൂറിസം സംരംഭകർക്കും, ടൂറിസം മേഖലയിൽ തൊഴിൽ എടുക്കുന്നവർക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ അനുസരിച്ച് വായ്പയുടെ അമ്പത് ശതമാനം പലിശ സർക്കാരാണ് വഹിക്കുന്നത്. ഹൗസ് ബോട്ടുകൾക്ക് മെയിന്റനൻസിനായി ഒറ്റത്തവണ സഹായവും ഗൈഡുകൾക്കായി പ്രത്യേക സാമ്പത്തിക സഹായവും കോവിഡ് കാലയളവിൽ നൽകിയിട്ടുണ്ട്. കൂടാതെ ടൂറിസം മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാർക്കായി രൂപം നൽകിയ 'റിവോൾവിംഗ് ഫണ്ട് അനുസരിച്ച് ഓരോ തൊഴിലാളിക്കും പതിനായിരം രൂപ വരെ പലിശ രഹിത വായ്പയായി ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത പദ്ധതി ഇപ്പോഴും നടന്നുവരുന്നു.<br><br>അതോടൊപ്പം തന്നെ ഈ മേഖലയുടെ വളർച്ച ലക്ഷ്യമിട്ട് നിരവധി പുതിയ പദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട്.<br><br>വിനോദസഞ്ചാര മേഖലയ്ക്ക് ആത്മവിശ്വാസം നൽകി അതിജീവനം സാധ്യമാക്കുകയാണ് സർക്കാർ ചെയ്തത്. സുരക്ഷിത കേരളം, സുരക്ഷിത ടൂറിസം എന്ന ക്യാമ്പയിൻ ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു. 100% വാക്സിനേറ്റഡ് ഡെസ്റ്റിനേഷനുകൾ എന്ന പദ്ധതി ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്തു. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ എല്ലാംതന്നെ |

ബയോബബിൾ സുരക്ഷാ വലയത്തിലാക്കാൻ കഴിഞ്ഞിട്ടുമുണ്ട്. കൂടാതെ നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് ആത്മവിശ്വാസം പകരുവാൻ കേരളം സുരക്ഷിതമാണെന്ന് അറിയിച്ച് വിവിധ പ്രചരണ പ്രവർത്തനങ്ങളും ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു.

ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ താഴെപ്പറയുന്ന പ്രചരണ പരിപാടികളെല്ലാം തന്നെ ഈ മേഖലയുടെ പുനരുജ്ജീവനം മുന്നിൽകണ്ടാണ്.

- സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ
- കേരള ഡ്രൈവ് ഹോളിഡെയ്സ്
- ലോംഗ് സ്റ്റെയ്സ് ഇൻ കേരള
- ഹോംസ്റ്റേ പ്രമോഷൻ
- ഹണിമൂൺ ഹോളിഡെയ്സ്
- കാരവൻ ടൂറിസം പ്രമോഷൻ
- ചെയ്ഞ്ച് ഓഫ് എയർ ക്യാമ്പയിൻ
- ഫാം ടിപ്പുകൾ
- വിവിധ ദേശീയ അന്തർദേശീയ ഫെയറുകളിലെ പ്രാതിനിധ്യം

കൂടാതെ കാരവൻ ടൂറിസം പോലുള്ള പുതിയ പദ്ധതികൾ അവതരിപ്പിച്ചതും ഈ മേഖലയ്ക്ക് ഗുണകരമായിട്ടുണ്ട്. തദ്ദേശസ്ഥാപനതലത്തിൽ കുറഞ്ഞത് ഒരു ഡെസ്റ്റിനേഷൻ വികസിപ്പിക്കാനുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായുള്ള സ്ട്രീറ്റ്, അഗ്രി ടൂറിസം നെറ്റ് വർക്ക് തുടങ്ങിയ പദ്ധതികൾ ടൂറിസം മേഖലയെ സജീവമാക്കി. പൈതൃക ടൂറിസം പദ്ധതികൾ, ഡെസ്റ്റിനേഷൻ വികസന പദ്ധതികൾ, ജല ടൂറിസം പദ്ധതികൾ തുടങ്ങിയവ ആവിഷ്കരിച്ച് നടപ്പാക്കുന്നതും ഈ മേഖലയ്ക്ക് ഗുണകരമായി മാറി. സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷത്തേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ ആഘാതം ഏറ്റുവാങ്ങിയ കേരളത്തിലെ ടൂറിസം മേഖല ഈ വർഷം ആദ്യപാദത്തിൽ 38 ലക്ഷം ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തേക്കാൾ 72.48% വളർച്ചയാണ് ഈ കാലയളവിൽ നേടാൻ കഴിഞ്ഞത്. ഈ വർഷത്തെ ആദ്യ മൂന്ന് മാസം 16 ലക്ഷം സഞ്ചാരികളുടെ വർദ്ധനവ് നേടാനായി. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ നിന്നും സംസ്ഥാന ടൂറിസം അതിജീവിച്ച് കുതിക്കുന്നുവെന്നാണ് ആഭ്യന്തര

| | | | |
|---|---|---|---|
| | | | വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കാണിക്കുന്നത്. |

സെക്ഷൻ ഓഫീസർ